(ബി) വിവിധ വകുപ്പുകളിലെ റിട്ടയർമെന്റ് വേക്കൻസി അടക്കമുള്ള ഒഴിവുകളിൽ നിയമനം നടത്താത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ ;

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി-യെ അറിയിക്കാത്ത മേലധികാരികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും, നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) വിവിധ വകുപ്പുകളിൽനിന്ന് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നമുറയ്ക്ക് പി.എസ്.സി. നിയമന ശുപാർശ നൽകിവരുന്നു.

(സി) നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള ഹെഡ്ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

പി.എസ്.സി. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

38 (43) ശ്രീ. ടി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ ഏതൊക്കെ ചട്ടപ്രകാരമാണ് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) പി.എസ്.സി-യിലെ ജീവനക്കാർക്ക് മറ്റ് സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷനിൽ പോകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ ;

(സി) നിലവിൽ എത്ര പി.എസ്.സി ജീവനക്കാർ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പി.എസ്.സി. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കേരള സർക്കാർ ജീവനക്കാർക്ക് നിലവിലുള്ള സേവന വേതന വ്യവസ്ഥകൾ തന്നെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 11-10-13-ലെ G.O.(P)No.515/13/Fin. 28-11-13-ലെ G.O (P)580/13/Fin എന്നീ ഉത്തരവുകളിലെ അന്യത്ര സേവനംവഴിയുണ്ടാകുന്ന ഒഴിവുകൾ നികത്താൻ കഴിയാത്ത സാഹചര്യത്തിൽ, ഉന്നത ഉദ്യോഗസ്ഥരുടെക്ഷാമം അനുഭവിക്കുന്ന പി.എസ്.സിക്ക് അന്യത്ര സേവന വ്യവസ്ഥയിൽ ഉദ്യോഗസ്ഥരുടെ സേവനം വിട്ടുനൽകാൻ കഴിയാറില്ല.

(സി) നിലവിൽ പി.എസ്.സി. ജീവനക്കാർ ആരും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നില്ല. എന്നാൽ അറ്റന്റർ ഗ്രേഡ് II തസ്തികയിൽ ഒരാൾ എം.എൽ.എ.യുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്യുന്നുണ്ട്.

പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റ്

39 (44) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ പി.എസ്.സി. യുടെ എത്ര സംസ്ഥാന ജില്ലാ റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട് ; പ്രസ്തുത ലിസ്റ്റുകളിൽ എത്ര ഉദ്യോഗാർത്ഥികൾ നിലവിലുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് ; മുൻ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) നിലവിൽ 2602 ലിസ്റ്റുകൾ ഉണ്ട്. ഇവയിൽ 5,70,370 ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയ നിയമന ശിപാർശയുടെ എണ്ണം ചുവടെ ചേർക്കുന്നു :

2011 (w.e.f 18.05.11)	18136
2012	28425
2013	39183
2014	28270
2015 ഇതുവരെ	25178
ആകെ	1,39,192

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly